# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2115 — 19.06.2012 ൽ മറുപടിക്ക്

## സ്റ്റേറ്റ് പോർട്ടൽ സർവ്വീസ് ഗേറ്റ്‌വേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | സർക്കാർ സേവനങ്ങൾ ഇന്റർനെറ്റ് മുഖേന ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച "സ്റ്റേറ്റ് പോർട്ടൽ സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ" പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | ഈ പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി കേന്ദ്ര ഗവണ്മെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (ഡി.ഐ.ടി) എംപാനൽ ചെയ്ത പട്ടികയിൽ നിന്നും ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് ലിമിറ്റഡിനെ തെരഞ്ഞെടുക്കുകയും വർക്ക് ഓർഡറിൽ ഒപ്പു വയ്ക്കുകയും ചെയ്തു. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ആണ് സ്റ്റേറ്റ് പോർട്ടൽ സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ –യുടെ നോഡൽ ഏജൻസി. |
| (ബി) | ഈ പദ്ധതി വഴി എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ ; | (ബി) | 13 വകുപ്പുകൾ മുഖേന നൽകി വരുന്ന 60 സേവനങ്ങളാണ് ഇലക്ട്രോണിക്/ഇ-സേവനങ്ങളായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. ഇതിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇ-ഗവേണൻസ് സൗകര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇ-ഗവേണൻസ് സൗകര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിരിക്കുന്ന പദ്ധതികളിൽ ഒന്നാണ് ഇ-ഡിസ്ട്രിക്ട്. വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജന സേവന കേന്ദ്രത്തിൽ (അക്ഷയ) നിന്നും ഓൺലൈൻ വഴി ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. അതാത് വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണം പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട ഓഫീസുകളിൽ നിരവധി തവണ കയറിയിറങ്ങാതെ തന്നെ വിവിധ സർട്ടിഫിക്കറ്റ |

കളുൾപ്പെടെയുള്ള സേവനങ്ങളാണ് അക്ഷയ കേന്ദ്രങ്ങളിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുക. പരീക്ഷണാടിസ്ഥാനത്തിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി കണ്ണൂർ ജില്ലയിൽ 2010 ഡിസംബർ 17നും പാലക്കാട് ജില്ലയിൽ 2011 ഫെബ്രുവരി 8നും ആരംഭിക്കുകയുണ്ടായി. 9 വകുപ്പുകളിലെ 46 സേവനങ്ങളാണ് പൈലറ്റ് ജില്ലയിൽ നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് ഇതിലൂടെ പൊതുജനങ്ങൾക്ക് ഇപ്പോൾ ലഭ്യമാക്കി വരുന്നത്. ഇ-ഡിസ്ട്രിക്ട് പദ്ധതി 2013-ഓടു കൂടി കേരളത്തിലാകമാനം ജില്ലകളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ കോട്ടയം, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. സിവിൽ സപ്ലൈസ്, തദ്ദേശ സ്വയംഭരണം, ഇലക്ഷൻ തുടങ്ങിയ വകുപ്പുകളിൽ നിന്നായി 14 സർവ്വീസുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി അവസാനഘട്ട ത്തിലാണ്.

Rahul. K. Jaiswal
സെക്ഷൻ ഓഫീസർ

## അനുബന്ധം.

| S No | Department | Services |
|---|---|---|
| 1 | Department of General Education | Change of Name on SSLC Certificate |
| 2 | | Change of DOB on SSLC Certificate |
| 3 | | Issue of Duplicate SSLC Certificate |
| 4 | | Revision / Correction of Marks on SSLC Certificate |
| 5 | Registration Department | Issue of Encumbrance Certificate |
| 6 | | Cetificate copy of Registered Documents |
| 7 | | Issue of Marriage Certificate |
| 8 | | Public Grievance Redressal |
| 9 | Department of Ports & Harbours | Registration of Boats / Vessels |
| 10 | | Issue of Competency Certificate |
| 11 | Municipal Administration | Pension for Agriculture Labourer |
| 12 | | Pension for Unmarried women above 50 years of age |
| 13 | | Pension for Physically handicapped |
| 14 | | Pension for old aged |
| 15 | | Pension for widow |
| 16 | | Registration of Birth |
| 17 | | Registration of Death |
| 18 | | Building Plan Approval |
| 19 | | Property Tax |
| 20 | Gram Panchayats ( LSG- Rural) | Issue of Birth Certificate |
| 21 | | Issue of Death Certificate |
| 22 | | Issue of Marriage Certificate |
| 23 | | Pension for Agriculture Labourer |
| 24 | | Pension for old aged |
| 25 | | Pension for widow |
| 26 | | Pension for Physically handicapped |
| 27 | | Pension for Unmarried women above 50 years of age |
| 28 | Department of Employment & Training | Registration with Employment Exchange(New & Renewal) |
| 29 | | Issue of Loans ( KESERU ) |
| 30 | | Employer Market Information ( Returns- I ) |
| 31 | | Employer Market Information ( Returns- II ) |
| 32 | | Job Club |
| 33 | Lokayukta | Online filing of complaints |
| 34 | | Online submission of statements of property of public servants |
| 35 | Motor Vehicles Department | Application for Learners License |
| 36 | | Application for Driving License |
| 37 | | Renewal of Driving License |
| 38 | | Application for Duplicate License |
| 39 | | Change of Address in License |
| 40 | | Upgrading the License |
| 41 | | Issue of Form 'G' for Non usage vehicle to claim Tax Exemption |
| 42 | | Issue of Stage Carrier Permits |
| 43 | | Issue of NOC |
| 44 | | Registration of Vehicles |
| 45 | | Permit Renewal |
| 46 | | Issue of Goods carriage Permit |
| 47 | | Issue of National Permit |
| 48 | | Issue of Fitness Certificate |
| 49 | Water Authority Board | New water Connection for Domestic |
| 50 | Electricity Board | New Electricity Connection for LT |
| 51 | Vocational Higher Secondary Education | Issue of Migration Certificate |
| 52 | | Issue of Equivalency Certificate |
| 53 | | Issue of Duplicate Certificate |
| 54 | Rural Development | NREGA-Application for Registration |
| 55 | | NREGA-Application for job |
| 56 | | IAY Application |
| 57 | | Application form SGSY |
| 58 | Fisheries | Vessel Registration |
| 59 | | Vessel Licenses |
| 60 | | Kerala fishermen Debt Relief |

Rahul K. Jaiswal